**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3672** **14-07-2022 - ൽ മറുപടിയ്ക്ക്**

**പൗൾട്രി ഡെവലെപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പ് വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 2022-23 സാമ്പത്തിക വർഷത്തിൽ കെപ്കോ വനിതാമിത്രം, കെപ്കോ ആശ്രയ, 100 കോഴിയും കൂടും പദ്ധതി, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് എന്നീ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ രീതിയും വിശദവിവരങ്ങളും ലഭ്യമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും നിർവ്വഹണ രീതികൾ എന്നിവ **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഇതിനായി എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങളും **അനുബന്ധം-2** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ 2022-23

| നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശം | നടപടി ക്രമം |
|---|---|---|---|
| 1 | കെപ്കോ ആശ്രയ | തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകളായ വനിതകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. | 1. കെപ്കോ നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭിച്ച കത്ത്,<br>2. പഞ്ചായത്ത് സെക്രട്ടറിയും ,പ്രസിഡൻറും സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ്.<br>3. പഞ്ചായത്ത് നൽകുന്ന വിധവകളുടെ ലിസ്റ്റിൽ പഞ്ചയത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിരിക്കണം |
| 2 | കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് (School Poultry Club) | സംസ്ഥാനത്തെ ഗവൺമെൻറ് / എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും, ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. | 1 തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയതായിരിക്കണം. |
| 3 | 100 കോഴികളെ വളർത്താനുള്ള കൂടും കോഴിയും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് പദ്ധതി) | 100 കോഴികളെ വളർത്താനുള്ള ഹൈടെക് കൂട്, നാലരമാസം പ്രായമുള്ള ബി.വി - 380 ഇനത്തിൽപ്പെട്ട 100 മുട്ടക്കോഴികൾ | 1. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കുകളിലെ ഓരോ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളിൽപ്പെട്ട 5 വീതം ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.<br>2. ഗുണഭോക്തൃ വിഹിതമായി 5000/- രൂപ ഓരോ ഗുണഭോക്താവും അടയ്ക്കണം. പദ്ധതി വിഹിതമായി 85,000/- രൂപ ഓരോ ഗുണഭോക്താവിനും ചെലവഴിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | |
| 4 | കെപ്കോ വനിതാമിത്രം | 45-60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട 10 കോഴി, 3 കിലോ തീറ്റ, മരുന്ന് | 1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് (പ്രസിഡൻറ്, സെക്രട്ടറി ഒപ്പിട്ടത്)<br><br>2.സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 1000 വനിതാഗുണ ഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.<br><br>3. ഓരോ ഗുണഭോക്താവും 250/- രൂപ ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. ഓരോ ഗുണഭോക്താവിനും 1150/- രൂപ പദ്ധതി വിഹിതമായി ചെലവഴിക്കുന്നു. |

# അനുബന്ധം -2

| കെപ്കോ നടപ്പിലാക്കിയ പദ്ധതികളുടെ വാർഷിക വിവര കണക്ക് 2021-2022 | | | | | | | |
|---|---|---|---|---|---|---|---|
| | **പദ്ധതിയുടെ പേര്** | **ഗുണഭോക്താക്കളുടെ എണ്ണം** | **വിതരണം ചെയ്ത കോഴികളുടെ എണ്ണം** | **വിതരണം ചെയ്ത കോഴിത്തീറ്റ (കിലേയിൽ)** | **വിതരണം ചെയ്ത മരുന്നുകളുടെ എണ്ണം** | **വിതരണം ചെയ്ത കോഴിക്കൂടുകളുടെ എണ്ണം** | **ആകെ ചെലവഴിച്ച തുക** |
| 1 | കെപ്കോ ആശ്രയ | 6650 | 66500 | 19950 | 6650 | | 9310000 |
| 2 | കെപ്കോ വനിതാമിത്രം | 12005 | 120050 | 36015 | 12005 | | 16807000 |
| 3 | കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി | 2571 | 12855 | 2571 | 2571 | | 1876830 |
| 4 | ബ്ലോക്ക് പഞ്ചായത്ത്കൾക്കുള്ള കോഴിയും കൂടും പദ്ധതി | 205 | 20500 | | | 205 | 18851085 |
| 5 | പട്ടിക വർഗ്ഗക്കാർക്കുള്ള കോഴിയും കൂടും പദ്ധതി | 60 | 6000 | 18000 | | 60 | 4888800 |
| | ആകെ | **21491** | **225905** | **76536** | **21226** | **265** | **5,17,33,715** |